(ബി) കെ.എസ്.ഡി.പി.യിൽ റിയാബ് മുഖാന്തരം നടത്തിയ നിയമന പ്രക്രിയയുടെ ഭാഗമായുള്ള എഴുത്തുപരീക്ഷ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ കേന്ദ്രങ്ങളിൽ വച്ച് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) എന്ന സ്ഥാപനം മുഖേനയാണ് നടത്തിയത്. ഇന്റർവ്യൂ/സ്കിൽ ടെസ്റ്റ് കമ്പനി തലത്തിൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ചാണ് നടത്തിയത്.

(സി) കമ്പനിയിലെ ജൂനിയർ അസിസ്റ്റന്റ്, സ്റ്റെനോഗ്രാഫർ, അറ്റൻഡർ, ഗാർഡനർ, സെക്യൂരിറ്റി ഗാർഡ്, റിസപ്ഷനിസ്റ്റ് കം ടെലഫോൺ ഓപ്പറേറ്റർ, ഡ്രൈവർ എന്നീ തസ്തികകളിലേക്കാണ് പി.എസ്.സി. വഴി നിയമനം നടത്തുന്നത്.

സ്വകാര്യ ആശുപത്രികളിലെ ഫാർമസികളിലെ മരുന്നുവില നിയന്ത്രണം

121 (2401) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ ഫാർമസികളുടെ പ്രവർത്തനം നിരീക്ഷിക്കാറുണ്ടോ; ഇവ ആശുപത്രികളുടെ അമിതലാഭം വർദ്ധിപ്പിക്കാനുള്ള ഒരു ഉപാധിയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഡ്രഗ് ഇൻസ്പെക്ടർമാർ പ്രസ്തുത ഫാർമസികളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താറുണ്ടോ;

(സി) രോഗികൾക്ക് പ്രത്യേകിച്ച് കിടത്തി ചികിത്സ നൽകുന്നവർക്ക് അമിത വിലയ്ക്കാണ് മരുന്ന് വില്ക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലുള്ള ആശുപത്രികളിലെ ഫാർമസികൾക്കെല്ലാം തന്നെ കർശനമായും ഡ്രഗ്സ് ലൈസൻസുകൾ നൽകി ഡ്രഗ്സ് & കോസ്മെറ്റിക്സ് ചട്ടങ്ങളും നിയമങ്ങളും അനുശാസിക്കുന്ന രീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ ക്ലിനിക്കുകളും ഡിസ്പെൻസറികളും വഴി രോഗികളെ ചികിത്സിച്ച് അവർക്ക് നേരിട്ട് ഡോക്ടർ തന്നെ മരുന്ന് നൽകുന്നതിന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഡ്രഗ്സ് ലൈസൻസ് ഒഴിവാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ Schedule K-യിൽ അനുശാസിക്കുന്ന രീതിയിൽ മരുന്നുകൾ കൈകാര്യം ചെയ്താൽ മതിയാകും. മേൽപ്പറയുന്ന രണ്ടുതരം സ്ഥാപനങ്ങളും മരുന്നുകൾ അവയുടെ ലേബലിൽ കാണിച്ചിരിക്കുന്ന MRP-യിൽ കൂടുതൽ ഈടാക്കുവാൻ അനുവാദമില്ല. ഇപ്രകാരം അധികവില ഈടാക്കുന്നുണ്ടോ എന്ന് വകുപ്പ് നിരന്തരമായ പരിശോധനകളിലൂടെ നിരീക്ഷിച്ചുവരുന്നുണ്ട്. ഇത്തരം സ്വകാര്യ ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ഡോക്ടർമാർ കുറിക്കുന്ന മരുന്നുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഫാർമസികൾ നടത്തിവരുന്നത്. ഈ സ്ഥാപനങ്ങളിൽനിന്ന് അമിത ലാഭത്തിനുവേണ്ടി മരുന്നുകൾക്ക് അധിക വില ഈടാക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മരുന്നുകളുടെ ലേബലിൽ പ്രിന്റ് ചെയ്തിരിക്കുന്ന MRP മാത്രമാണ് ഈടാക്കുന്നതെന്നതിനാൽ അമിത ലാഭം സമ്പാദിക്കുന്നു എന്ന് അവകാശപ്പെടുവാൻ സാധിക്കുകയില്ല.

(ബി) ഈ സ്ഥാപനങ്ങളെല്ലാം തന്നെ സംസ്ഥാനത്തെ അംഗീകൃത മൊത്ത വ്യാപാരികളിൽ നിന്നാണ് മരുന്നുകൾ സ്വീകരിച്ച് വിൽപ്പന നടത്തുന്നത്.

(സി) ഇല്ല. മരുന്നിന്റെ ലേബലുകളിൽ പ്രിന്റ് ചെയ്തിക്കുന്ന MRP-യെക്കാൾ അധിക വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ സ്വകാര്യ ആശുപത്രികളിലെയും ഫാർമസികൾക്ക് ഡ്രഗ്സ് ലൈസൻസുകൾ അനുവദിക്കുകയും ഡ്രഗ്സ് & കോസ്മെറ്റിക്സ് ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായുമാണ് മരുന്നുകൾ സംഭരിക്കുന്നതും വിൽക്കുന്നതും എന്ന് വകുപ്പ് കർശനമായി ഉറപ്പാക്കുന്നുണ്ട്.

നിരോധിക്കപ്പെട്ട മരുന്നുകളുടെ പട്ടിക

122 (2402) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിക്കപ്പെട്ട മരുന്നുകൾ വിറ്റഴിക്കപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നിരോധിക്കപ്പെട്ട മരുന്നുകളുടെ പട്ടിക യഥാസമയം പൊതുജനങ്ങളെയും ഫാർമസിസ്റ്റുകളെയും അറിയിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) ഇതിന് ഉചിതമായ രീതിയിൽ അറിയിപ്പ് നൽകുന്നതിന് വൈകാതെ നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly